**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2593** **13-12-2022 - ൽ മറുപടിയ്ക്ക്**

**യുവ സംരംഭകർക്ക് വായ്പ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതുതായി വ്യവസായം ആരംഭിക്കുന്ന യുവ സംരംഭകർക്ക് പൊതുമേഖലാ ബാങ്കുകൾ വായ്പ നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുതുതായി വ്യവസായം ആരംഭിക്കുന്ന യുവ സംരംഭകർക്ക് പൊതുമേഖലാ ബാങ്കുകൾ വായ്പ നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഇത്തരം പരാതികൾ വളരെ കുറവാണ്. |
| (ബി) | ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | വായ്പ തിരിച്ചടവിനെ സംബന്ധിച്ച് ബാങ്ക് അധികൃതരുടെ ആശങ്ക, സാമ്പത്തിക സ്ഥാപനങ്ങൾ മുഖേന തങ്ങളുടെ പദ്ധതി അവതരിപ്പിക്കുന്നതിനുള്ള സംരംഭകന്റെ പരിചയ കുറവ് എന്നിവയാണ് പലപ്പോഴും ഒരു സംരംഭകന് വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടായി അനുഭവപ്പെടുന്നത്. ആയതിന് ജില്ലാ തലത്തിൽ ജില്ലാ തല റിവ്യൂ കമ്മിറ്റി (DLRC) മീറ്റിംഗുകളിലും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി(BLBC) മീറ്റിംഗുകളിലും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസായ വാണിജ്യ വകുപ്പ തലത്തിൽ നൽകി വരുന്നുണ്ട്. കൂടാതെ ബാങ്ക് ഉദ്യോഗസ്ഥരും സംരംഭകരുമായി വ്യവസായ വാണിജ്യ വകുപ്പുതല ഉദ്യോഗസ്ഥർ കൂടിക്കാഴ്ച നടത്തി പരിഹാര മാർഗ്ഗങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിവിധ വായ്പകൾ എടുത്ത് സംരംഭം ആരംഭിക്കുന്ന സംരംഭകർക്ക് വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജ്ജിൻ മണി ഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, PMEGP, PMFME തുടങ്ങിയ പദ്ധതികൾ വഴി ഗ്രാന്റ്, പലിശയിളവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. സംരംഭകർക്ക് ബാങ്ക് മുഖേന വായ്പയ്ക്ക് അപേക്ഷിക്കുന്നതിനും സമയബന്ധിതമായി വായ്പ ലഭിക്കുന്നുണ്ടെന്ന് മോണിറ്റർ ചെയ്യുന്നതിനും വേണ്ടി Kerala |

| | | | |
|---|---|---|---|
| | | | Entrepreneurs Loan Scheme (KELS) എന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ